ഉത്തരം

(എ) ഉണ്ട്. 105 മീറ്റർ നീളത്തിൽ ശവകണ്ടി പറമ്പിൽ കടൽഭിത്തി നിർമ്മിക്കാൻ 16.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കാനുള്ള നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ 640 മീറ്റർ ബേപ്പൂർ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ശവകണ്ടി പറമ്പ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 640 ച.മീ. പുനരുദ്ധാരണ പണികളിൽ ശവകണ്ടി പറമ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 79.36 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത്.

(ഇ) ഉണ്ട്.

(എഫ്) 11-ാം ധനകാര്യ കമ്മീഷനിൽ 2000-2005 കാലയളവിലേക്കായി കടൽഭിത്തി നിർമ്മാണത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ജി)

2000-01	. .	20 കോടി
2001-02	. .	10 ,,
2002-03	. .	10 ,,
2003-04	. .	10 ,,

(എച്ച്) നാളിതുവരെ 30.89 കോടി രൂപ ചെലവ് ചെയ്തിട്ടുണ്ട്.

(ഐ) ഫണ്ടിന്റെ ലഭ്യത അനുസരിച്ചും പ്രവർത്തിയുടെ അടിയന്തിര സ്വഭാവം അനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രവർത്തിക്കാത്ത മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

70 [233] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്ന മീറ്ററുകളിൽ, പ്രവർത്തിക്കാത്തവ മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഉപയോഗിക്കുന്നതിനെക്കാളും വളരെ കൂടുതൽ അളവിൽ വെള്ളത്തിന് ചാർജ്ജ് ഈടാക്കുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഉപഭോക്താക്കളുടെ ആക്ഷേപത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതോറിറ്റിയിൽ വാട്ടർ മീറ്റർ ലഭ്യമാണെങ്കിൽ ഉപഭോക്താവിന്റെ ആവശ്യപ്രകാരം കേടായ മീറ്റർ വാട്ടർ അതോറിറ്റി തന്നെ മാറ്റി സ്ഥാപിച്ചു വരുന്നു. കൂടാതെ കേടായ മീറ്റർ നിശ്ചിതകാലയളവിൽ പ്രവർത്തനക്ഷമ മാക്കുകയോ, പുതിയവ സ്ഥാപിക്കുകയോ ചെയ്യണമെന്ന് ഉപഭോക്താവിനോട് രേഖാമൂലം ആവശ്യപ്പെട്ടുവരുന്നു. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഉപഭോക്താക്കളിൽ നിന്നും കേരള വാട്ടർ സപ്ലൈ റെഗുലേഷനിലെ 1999-ലെ ഭേദഗതിക്കനുസൃതമായി സർചാർജ്ജും ഈടാക്കി വരുന്നു. കാലാവധി കഴിയുന്ന മുറയ്ക്ക് പ്രസ്തുത കണക്ഷനിലേക്കുള്ള ജലവിതരണം വിച്ഛേദിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കേടായ മീറ്റർ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇനിയും ഈ പ്രവർത്തനത്തിന് ആക്കം കൂട്ടുവാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) പരാതികൾ ലഭിക്കാറുണ്ട്.

(ഡി) പരാതികൾക്ക് പരിഹാരം കാണാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ തലത്തിലും കേന്ദ്ര കാര്യാലയ തലത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് സമർപ്പിച്ചിരുന്ന റിപ്പോർട്ട്

71 [234] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് സമർപ്പിച്ചിരുന്ന റിപ്പോർട്ട് അപര്യാപ്തമായതിനാൽ ഇത് പരിഹരിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ വിശദമായ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly